2005-06 സാമ്പത്തിക വർഷം പരസ്യ ഏജൻസികൾക്ക് നൽകിയ തുക

61 [739] ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിലെ പരസ്യ പ്രചാരണ പ്രവർത്തനങ്ങൾ നടത്താൻ ഇപ്പോൾ എത്ര പരസ്യ ഏജൻസികൾ നിലവിലുണ്ട് ;

(ബി) ഓരോ പരസ്യ ഏജൻസിക്കും ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ എത്ര രൂപ വീതം നൽകിയിട്ടുണ്ട് ;

(സി) കഴിഞ്ഞ രണ്ട് വർഷമായി എത്ര അന്താരാഷ്ട്ര ടൂറിസം ഫെയറുകളിൽ കേരള ടൂറിസം പങ്കെടുത്തിട്ടുണ്ട് ;

(ഡി) ഏത് ഏജൻസിയാണ് ഇത് സംഘടിപ്പിച്ചത് ; ഇതിന്റെ എസ്റ്റിമേറ്റ് എത്രയാണ് ; നൽകിയ തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടൂറിസം വകുപ്പിലെ പരസ്യ പ്രചാരണ പ്രവർത്തനങ്ങൾ നടത്താൻ ഇപ്പോൾ മൂന്ന് പരസ്യ ഏജൻസികൾ നിലവിലുണ്ട്.

(ബി) സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻസ് (തിരുവനന്തപുരം), ക്രയോൺസ് (ന്യൂഡൽഹി), നെറ്റ് മാർക്കറ്റിംഗ് ചെയ്യുന്നതിനുവേണ്ടി മാത്രം ഗ്രേവേൾഡ് വൈഡ് (ബാംഗ്ലൂർ) എന്നീ മൂന്ന് ഏജൻസികളാണ് നിലവിലുള്ളത്. ഇതിൽ സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻസ് തിരുവനന്തപുരം എന്ന ഏജൻസി വഴി ഇതുവരെ 9 കോടി 76 ലക്ഷം രൂപയുടെ പരസ്യം നൽകിയിട്ടുണ്ട്. ക്രയോൺസ് ന്യൂഡൽഹി എന്ന ഏജൻസി വഴി 67 ലക്ഷം രൂപയുടെ പരസ്യം പ്രസിദ്ധീകരിക്കുന്നതിനുള്ള ചുമതല നൽകിയിട്ടുണ്ട്. പരസ്യം പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് തുക നൽകുന്നതാണ്. കൂടാതെ നെറ്റ് മാർക്കറ്റിംഗ് ഏജൻസിയായ ഗ്രേവേൾഡ് വൈഡ് ബാംഗ്ലൂരിന് 50 ലക്ഷം രൂപയുടെ പരസ്യം പ്രസിദ്ധീകരിക്കുന്ന ജോലി നൽകിയിട്ടുണ്ട്. ബില്ല് നൽകുന്ന മുറയ്ക്ക് തുക നൽകുന്നതാണ്.

(സി & ഡി) കഴിഞ്ഞ രണ്ട് വർഷമായി ടൂറിസം വകുപ്പ് പങ്കെടുത്ത അന്താരാഷ്ട്ര ഫെയറുകളുടെ വിശദവിവരങ്ങൾ പ്രത്യേക പട്ടികയായി ചേർത്തിരിക്കുന്നു. †

സ്വകാര്യമേഖലയിലെ വിനോദ സഞ്ചാര വികസനത്തിന് സർക്കാർ പ്രോത്സാഹനം

62 [740] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്വകാര്യമേഖലയിൽ വിനോദ സഞ്ചാര വികസനത്തിനു വേണ്ടി സർക്കാർ നൽകുന്ന പ്രോത്സാഹനങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വകാര്യ വിനോദ സഞ്ചാര മേഖലയിൽ കേരളത്തിന്റെ തനതായ സംസ്ക്കാരവും ഗുണനിലവാരവും നിലനിർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടൂറിസം വികസനത്തിൽ സ്വകാര്യമേഖലയെ ആകർഷിക്കുന്നതിനായി താഴെ പറയുന്ന പ്രോത്സാഹനങ്ങളും സൗകര്യങ്ങളുമാണ് സർക്കാർ നൽകിവരുന്നത് :

1. അംഗീകൃത യൂണിറ്റുകൾക്ക് മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം (പരമാവധി 10 ലക്ഷം രൂപ) നിക്ഷേപ സബ്സിഡി.
2. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്കും സൗകര്യങ്ങൾക്കും നിക്ഷേപത്തിന്റെ 15 ശതമാനം (പരമാവധി 5 ലക്ഷം രൂപ) അധിക സബ്സിഡി.
3. 50 കോടിയിൽപരം മൂലധന നിക്ഷേപമുള്ള പദ്ധതികൾക്ക് പ്രത്യേക ഇൻസെന്റീവുകൾ.
4. ടൂറിസത്തിലും അടിസ്ഥാന സൗകര്യ വികസനത്തിലുമുള്ള വിദേശ നിക്ഷേപത്തിന് പ്രത്യേക ഇൻസെന്റീവുകൾ.
5. അംഗീകൃത യൂണിറ്റുകൾക്ക് വൈദ്യുതി നിരക്കിൽ ഇളവ്.
6. പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകൽ.
7. ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭ്യമാക്കൽ.
8. പ്രചരണത്തിനും വിപണനത്തിനും സഹായിക്കൽ.
9. നിക്ഷേപത്തിന് ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ആവശ്യമെങ്കിൽ ഭൂമി ലഭ്യമാക്കുന്നതിന് സഹായിക്കൽ.
10. വ്യവസായ വകുപ്പുമായി ചേർന്ന് ലൈസൻസുകളും മറ്റ് സർട്ടിഫിക്കറ്റുകളും എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള ഏകജാലക സമ്പ്രദായം

(ബി) സ്വകാര്യ വിനോദ സഞ്ചാര മേഖലയിൽ കേരളത്തിന്റെ സാംസ്കാരിക പൈതൃകവും പരിസ്ഥിതിയും സംരക്ഷിക്കുന്നതിനും ഇവിടത്തെ വിവരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ഉല്പാദനവും വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനുമായി ഒരു വിശദമായ രേഖ 'ടൂറിസം വിഷൻ 2025' എന്ന പേരിൽ പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ എണ്ണം

63 [741] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്തിച്ചേരുന്ന വിദേശ വിനോദ സഞ്ചാരികളുടെയും കേരളത്തിന് വെളിയിൽ നിന്നുള്ള ഇൻഡ്യൻ വിനോദ സഞ്ചാരികളുടെയും എണ്ണം വർദ്ധിച്ചുവരുന്നുണ്ടോ ; കഴിഞ്ഞ ഓരോ വർഷവും സംസ്ഥാനം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly